പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1327

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തികവർഷം കേരളത്തിൽ എത്ര കുടുംബങ്ങളാണ് പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇവരിൽ എത്ര പേർക്കാണ് തൊഴിൽ നൽകുവാൻ കഴിഞ്ഞതെന്നും വ്യക്തമാക്കുമോ; | (എ) | 2013 -14 സാമ്പത്തിക വർഷം വരെ കേരളത്തിൽ ആകെ 2843875 കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും അതിൽ 1523812 കുടുംബങ്ങൾക്ക് 2013-14 സാമ്പത്തിക വർഷം തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ബാക്കിയുള്ളവർക്ക് തൊഴിൽ കൊടുക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | കായിക അദ്ധ്വാനം ചെയ്യാൻ തയ്യാറായി മുന്നോട്ട് വരുന്ന ഗ്രാമീണ കുടുംബങ്ങൾക്കാണ് തൊഴിൽ നൽകുന്നത്. ശേഷിക്കുന്ന രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് തൊഴിൽ ആവശ്യപ്പെടുന്ന മുറക്ക് തൊഴിൽ നല്കുന്നതാണ്. |
| (സി) | ഈ പദ്ധതി നടത്തിപ്പിലൂടെ എത്ര തൊഴിൽ ദിനങ്ങളാണ് കഴിഞ്ഞ സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ടതെന്നും എത്ര തൊഴിലാളികൾക്കാണ് 100 ദിവസം തൊഴിൽ ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2013-14 സാമ്പത്തിക വർഷം 865.93 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും 406423 കുടുംബങ്ങൾ 100 ദിവസം തൊഴിൽ പൂർത്തിയാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ